# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2566      12.03.2018 ൽ മറുപടിക്ക്

### ദേശീയപാതാ വികസനം

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) ദേശീയപാത 66 ന്റെ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിൽ ഏതൊക്കെ ജില്ലകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (എ) & (ബി) ഉണ്ട് തിരുവനന്തപുരം ,കൊല്ലം, ആലപ്പുഴ, എറണാകുളം,തൃശ്ശൂർ ,മലപ്പുറം ,കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിപ്പിച്ചിട്ടുണ്ട്. |
| (ബി) ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ റീച്ചുകളിലെ സ്ഥലങ്ങളാണ് ഏറ്റെടുക്കുന്നത്; | |
| (സി) തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം മുതൽ പട്ടംവരെയുള്ള സ്ഥലമേറ്റെടുപ്പ് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഇവിടുത്തെ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പും പണിയുടെ പുരോഗതിയും വ്യക്തമാക്കാമോ; | (സി) കഴക്കൂട്ടം മുതൽ പട്ടം വരെയുള്ള ദേശീയപാത 66 ന്റെ ഭാഗം 24 മീറ്റർ റൈറ്റ് ഓഫ് വേയിൽ തിരുവനന്തപുരം മോണോ റെയിലിന്റെ കൂടെ നാല് വരി പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ സ്ഥലമെടുപ്പ് തുടങ്ങിയിട്ടില്ല. |

| | |
|---|---|
| (ഡി) പ്രസ്തുത ദേശീയപാതാ വികസനപ്രവർത്തനങ്ങൾ എന്ന് ആരംഭിച്ച് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) കണ്ണൂർ ജില്ലയിലെ തലശ്ശേരി മാഹി ബൈപ്പാസ് നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇത് 2020 മേയ് മാസത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. കോഴിക്കോട് ബൈപ്പാസിന്റെ നാല് വരി പാതയാക്കുന്നതിന്റെ പ്രവർത്തി 2018 മേയ് മാസത്തോടെ ആരംഭിച്ച് രണ്ട് വർഷം കൊണ്ട് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ശേഷിക്കുന്ന ഭാഗങ്ങളിലെ നാലുവരിപാതയാക്കുന്നതിന്റെ ടെണ്ടർ നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ എടുത്തു വരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് 2020 ഓടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

S Bindu

സെക്ഷൻ ഓഫീസർ